# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5323 | 27.07.2015-ൽ മറുപടിയ്ക്ക് |

## കൽപ്പറ്റ മണ്ഡലത്തിലെ മണിയങ്കോട് റോഡ്

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മണിയങ്കോട് റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിങ്കുറ്റി പാലുക്കര മണിയങ്കോട് കൽപ്പറ്റ റോഡിൽ കി.മീ. 0/000 മുതൽ 7/400 വരെ പൊതുമരാമത്ത് വകുപ്പ് പുനഃരുദ്ധാരണ പ്രവൃത്തി നടത്തിയിട്ടുണ്ട്. ബാക്കി മണിയങ്കോട് ജംഗ്ഷൻ വരെ ഉള്ള ഭാഗം കല്പറ്റ മുനിസിപ്പാലിറ്റി മെയിന്റനൻസ് നടത്തി ഗതാഗത യോഗ്യമാക്കിയതുകൊണ്ടാണ് കി.മീ. 7/400 ന ശേഷമുള്ള ഭാഗം ഈ പ്രവൃത്തിയിൽ ഉൾപ്പെടാതിരുന്നത്. എന്നാൽ ഈ റോഡിന്റെ കി.മി 7/000 നും 7/400 നും ഇടയിൽ പൊതുമരാമത്ത് വകുപ്പിനോട് അനുമതി വാങ്ങാതെ വാട്ടർ അതോറിറ്റി പൈപ്പിടാൻ കുഴിച്ചതിനാൽ ശോച്യാവസ്ഥയിലായിട്ടുണ്ട്. പ്രസ്തുത ഭാഗം പുനഃരുദ്ധാരണം ചെയ്യേണ്ടതുണ്ട്. |
| (ബി) പ്രസ്തുത റോഡ് നന്നാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) കി.മി 7/000 നും 7/400 നും ഇടയിൽ(400 മീറ്റർ) പുനഃരുദ്ധാരണ പ്രവൃത്തി നടത്താൻ വാട്ടർ അതോറിറ്റിയോട് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭിച്ചാലുടൻ പണി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ